**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 427** **08-06-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായമേഖലയുടെ പുനരുദ്ധാരണത്തിനായി മുൻ സർക്കാർ ഫലപ്രദമായി നടപ്പാക്കിയ പദ്ധതികളുടെ തുടർനിർവ്വഹണത്തിനായി ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി മുൻ സർക്കാർ ഫലപ്രദമായി നടപ്പാക്കിയ പദ്ധതികളുടെ തുടർനിർവ്വഹണത്തിനായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ സർക്കാർ തുക വകയിരുത്തിയതിനെ തുടർന്ന് കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽ നിന്നും രണ്ട് പ്രൊപ്പോസലുകൾ വീതവും കശുമാവ് കൃഷി വികസന ഏജൻസി, കേരള കാഷ്യൂ ബോർഡ് എന്നിവർ ഓരോ പ്രൊപ്പോസൽ വീതവും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്, കശുമാവ് കൃഷി വികസന ഏജൻസി എന്നിവരുടെ പ്രൊപ്പോസലുകൾ 03.06.2021ൽ ചേർന്ന ഡിപ്പാർട്ടുമെന്റൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (ബി) | കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി എന്ന പൊതുമേഖലാ സ്ഥാപനം സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത ഏജൻസി തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി വ്യാപിക്കുന്നതിനായി നൂതന പദ്ധതികളായ High Density Planting (അതിസാന്ദ്രതാ കൃഷി), Model Cashew Garden (മാതൃകാ കശുമാവ് തോട്ടം) എന്നീ പദ്ധതികൾ തനതു വർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |
| (സി) | സംസ്ഥാനത്ത് കശുവണ്ടി ഉല്പാദനം കൂട്ടാനായി അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ | (സി) | സംസ്ഥാനത്ത് കശുവണ്ടി ഉല്പാദനം കൂട്ടാനായി അത്യുൽപാദന ശേഷിയുള്ള കശുമാവിൻ തൈകൾ |

| | | | |
|---|---|---|---|
| | നട്ടുപിടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | | നട്ടു പിടിപ്പിക്കുന്നതിന് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി താഴെപ്പറയുന്ന പദ്ധതികൾ ലക്ഷ്യമിടുന്നു. 1. പഞ്ചായത്തുകളുമായി സഹകരിച്ച് വകുപ്പിന്റെ അധീനതയിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ നൽകി കുടുംബശ്രീ/NREGS തൊഴിലാളികളുടെ സഹകരണത്തോടെ കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. 2. തദ്ദേശ സ്വയംഭരണ വകുപ്പ്, വനം വകുപ്പ്, കൃഷി വകുപ്പ്, NGO എന്നിവയുമായി സഹകരിച്ച് Normal Density Planting (പുതുകൃഷി), High Density Planting (അതിസാന്ദ്രതാ കൃഷി), Model Cashew Garden (മാതൃകാ കശുമാവ് തോട്ടം), മുറ്റത്തൊരു കശുമാവ് പദ്ധതി എന്നീ സ്കീമുകളിൽ തൈകൾ നൽകി കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. 3. വനം വകുപ്പ്, റവന്യൂ വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ നൽകി കശുമാവ് കൃഷി വ്യാപനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. 4. പഞ്ചായത്ത് തലത്തിൽ കശുമാവ് കർഷകരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കർഷകരുടെ കൂട്ടായ്മയിലൂടെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുവാൻ കൂടുതൽ കർഷകരെ ആകർഷിക്കുവാനുള്ള സംവിധാനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. 5. ബ്ലോക്ക് തലത്തിൽ സ്വയം സഹായ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ കശുവണ്ടിയ്ക്ക് ന്യായവില ഉറപ്പു വരുത്തി സമയബന്ധിതമായി വിപണനം സാധ്യമാക്കുന്നതിനായി കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. 6. കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതു വഴി കശുവണ്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനും ശാസ്ത്രീയമായ കശുമാവ് കൃഷിരീതികൾ അവലംബിക്കുന്നതിനുമായി കർഷക പരിശീലന പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനും ഫീൽഡുതല സന്ദർശനം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പക്സിന്റെ പെരുമ്പുഴ ഫാക്ടറിയിൽ മേൽത്തരം അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചു വരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500 ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയ്ക്കും കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ